## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2336. 13.02.2013 ൽ മറുപടിയ്ക്ക്

<u>വാഹനങ്ങളുടെ നമ്പർ പ്ലേറ്റിന്റെ സ്പെസിഫിക്കേഷൻ</u>

| <u>ചോദ്യം</u><br>ശ്രീ. പി. ഉബൈദുള്ള | | <u>ഉത്തരം</u><br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) വാഹനങ്ങളുടെ നമ്പർ പ്ലേറ്റിന്റെ നിശ്ചിത സ്പെസിഫിക്കേഷൻ എന്തൊക്കെയാണെന്ന് വ്യക്ത - മാക്കുമോ; സ്പെസിഫിക്കേഷൻ പ്രകാരമുള്ള നമ്പർ പ്ലേറ്റ് പ്രദർശിപ്പിക്കാത്ത വാഹന ഉടമകൾക്കെതിരെ സ്വീകരിക്കുന്ന നടപടികളെന്തെല്ലാം; | (എ) | വാഹനങ്ങളുടെ നമ്പർ പ്ലേറ്റിന്റെ സ്പെസിഫിക്കേഷനെയും വലിപ്പത്തേയും സംബന്ധിച്ച് 1989ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടങ്ങൾ 50, 51 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ അനുബന്ധമായി ചേർക്കുന്നു. നിയമാനുസൃതം നമ്പർ പ്ലേറ്റ് പ്രദർശിപ്പിക്കാത്ത വാഹന ഉടമകൾക്കെതിരെ 1988 ലെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 177 അനുശാസിക്കുന്ന പ്രകാരം പിഴ അടപ്പിക്കുകയും നമ്പർ പ്ലേറ്റ് ശരിയാക്കി പരിശോധനക്കു ഹാജരാക്കുവാൻ നോട്ടീസ് നല്കുകയും ചെയ്യുന്നു. |
| (ബി) സർക്കാർ വാഹനങ്ങളിലും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങളിലും പ്രദർശിപ്പിക്കാവുന്ന വകുപ്പ്/ഡസിഗ്നേഷൻ ബോർഡുകളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച വിശദവിവരം നല്കാമോ ; | (ബി) | 1) സർക്കാർ വകുപ്പുകളുടെ വാഹനങ്ങളിൽ വകുപ്പിന്റെ പേര് സൂചിപ്പിച്ചുകൊണ്ട് മുന്നിലും,പിന്നിലും പ്രദർശിപ്പിക്കുന്ന ബോർഡിന്റെ പശ്ചാത്തലം ചുവപ്പും, അക്ഷരങ്ങൾ വെളുത്ത നിറത്തിലുമായിരിക്കണം.<br><br>2) മന്ത്രിമാർക്കും, തത്തുല്യ യോഗ്യതകളുള്ളവർക്കും നൽകിയിട്ടുള്ള വാഹനങ്ങളിൽ "Kerala State" ബോർഡും, ഒരു നമ്പരും പ്രദർശിപ്പിക്കേണ്ടതാണ്. പ്രസ്തുത ബോർഡിന്റെ പശ്ചാത്തലം ചുവപ്പും അക്ഷരങ്ങൾ വെളുത്ത നിറത്തിലുമായിരിക്കണം.<br><br>3) പൊതു മേഖലാ യൂണിറ്റുകൾ/ബോർഡുകൾ, പ്രസ്തുത സ്ഥാപനത്തിന്റെ പേര് സൂചിപ്പിക്കുന്ന ദീർഘ ചതുരാകൃതിയുള്ള ബോർഡ് വാഹനത്തിന്റെ മുമ്പിൽ പ്രദർശിപ്പിച്ചിരിക്കണം. സ്ഥാപനത്തിന്റെ പേരിന് താഴെയായി " A State Government Undertaking" എന്ന് എഴുതിയിരിക്കണം. |

| | | |
|---|---|---|
| | | വാഹനത്തിന്റെ പുറകിലായി വൃത്താകൃതിയിലുള്ളതും പൂർണ്ണാക്ഷരത്തിലോ, ചുരുക്ക രൂപത്തിലോ കമ്പനിയുടെ പേര് സൂചിപ്പിക്കുന്നതുമായ ബോർഡ് പ്രദർശിപ്പിക്കണം. മേൽ പറഞ്ഞ രണ്ട് ബോർഡുകളുടേയും പശ്ചാത്തലം ഇളം നീലയും, അക്ഷരങ്ങൾ കറുത്ത നിറത്തിലുമായിരിക്കണം.<br><br>4) മേല്പറഞ്ഞ ബോർഡുകളിലെ അക്ഷരങ്ങളുടെ വലുപ്പം 1989ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 89 ൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലായിരിക്കണം.<br><br>5) ജുഡീഷ്യൽ ഓഫീസർമാർ, ഹൈക്കോടതിയിലെ ലോ ഓഫീസർമാർ എന്നിവരുടെ വാഹനത്തിൽ മുമ്പിലും, പുറകിലും പ്രദർശിപ്പിച്ചിരിക്കുന്ന ബോർഡ് ചുവന്ന പശ്ചാത്തലത്തിലുള്ളതും, അക്ഷരങ്ങൾ വെള്ള നിറത്തിലുള്ളതും, അക്ഷരങ്ങൾക്ക് 60 മി. മീറ്റർ ഉയരവും, 8 മി.മീറ്റർ വീതിയും ഉണ്ടായിരിക്കണം.<br><br>6) എം.എൽ.എ.മാർ തങ്ങളുടെ വാഹനത്തിന് മുമ്പിലും, പുറകിലും പ്രദർശിപ്പിക്കുന്ന 'MLA' എന്നെഴുതിയ ബോർഡിന് 25 x10 സെ.മീറ്റർ വലുപ്പം ഉണ്ടായിരിക്കണം. ബോർഡിന്റെ പശ്ചാത്തലം ചുവപ്പും, അക്ഷരങ്ങൾ വെള്ള നിറത്തിലുമുള്ളതായിരിക്കണം. അക്ഷരങ്ങൾക്ക് 60 മി.മീറ്റർ ഉയരവും, 8 മി.മീറ്റർ വീതിയുമുണ്ടായിരിക്കണം. |
| (സി) ഇതിനു സമാന നിറത്തിലും വലിപ്പത്തിലും സ്വകാര്യ,ജാതി മത രാഷ്ട്രീയ സാമൂഹ്യ സംഘടനകളുടെ പേരിൽ വാഹനങ്ങളിൽ ബോർഡുകൾ പ്രദർശിപ്പിക്കുന്നതിന് അനുമതി നല്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല. ഇത്തരം നിയമലംഘനങ്ങൾ ശ്രദ്ധയിൽപെടുന്ന പക്ഷം നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശനമായ നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

## വാഹനങ്ങളുടെ നമ്പർ പ്ലേറ്റിന്റെ സ്പെസിഫിക്കേഷൻ

(1) വാഹനത്തിന്റെ രജിസ്ട്രേഷൻ മാർക്ക് വാഹനത്തിന്റെ മുൻപിലും, പുറകിലും വ്യക്തമായി കാണുവാൻ കഴിയുന്ന രീതിയിൽ 30 ഡിഗ്രിയിൽ കൂടുതൽ ചരിവില്ലാത്ത പ്രതലത്തിൽ തിരശ്ചീനമായി പ്രദർശിപ്പിച്ചിരിക്കണം.

(2) മോട്ടോർ സൈക്കിളുകളിൽ മുൻപിൽ പ്രദർശിപ്പിച്ചിരിക്കുന്ന രജിസ്ട്രേഷൻ മാർക്ക് ഹാൻഡിൽ ബാറിനോ, മഡ്ഗാർഡ് ഉൾപ്പെടെയുള്ള വാഹനത്തിന്റെ ഏതെങ്കിലും ഭാഗത്തോ സമാന്തരമായി പ്രദർശിപ്പിച്ചിരിക്കണം.

(3) ട്രാൻസ്പോർട്ട് വാഹനത്തിന്റെ പുറകിൽ പ്രദർശിപ്പിച്ചിരിക്കുന്ന രജിസ്ട്രേഷൻ മാർക്ക് വലത് വശത്തായി, തറയിൽ നിന്ന് ഒരു മീറ്ററിൽ കൂടാത്ത ഉയരത്തിൽ വേണം പ്രദർശിപ്പിച്ചിരിക്കേണ്ടത്.

(4) ട്രാൻസ്പോർട്ട് വെഹിക്കിളിന്റെ കാര്യത്തിൽ വാഹനത്തിന്റെ ഇടത് വശത്തും, വലത് വശത്തും പ്രദർശിപ്പിച്ചിരിക്കണം.

(5) ഡ്രൈവറെയും, യാത്രക്കാരെയും തമ്മിൽ വേർതിരിക്കുന്ന ഭാഗത്ത് യാത്രക്കാരുടെ സീറ്റിന് അഭിമുഖമായും രജിസ്ട്രേഷൻ നമ്പർ പ്രദർശിപ്പിച്ചിരിക്കണം. എന്നാൽ അത്തരത്തിൽ ഒരു വേർതിരിവ് ഇല്ലായെങ്കിൽ സ്റ്റേജ് കാര്യേജുകളിലും, കോൺട്രാക്ട് കാര്യേജുകളിലും ഡ്രൈവറുടെ സീറ്റിന് ഇടതു വശത്ത് മേൽക്കൂരയ്ക്ക് തൊട്ടടുത്തായി യാത്രക്കാരുടെ സീറ്റിന് അഭിമുഖമായും, ടാക്സി കാബ്, മോട്ടോർ കാബ് എന്നിവയിൽ ഡാഷ്ബോർഡിലും നമ്പർ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

(6) ട്രെയിലറുകളുടെ കാര്യത്തിൽ, ട്രെയിലറുകളെ വലിച്ചുകൊണ്ടുപോകുന്ന വാഹനത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നത് കൂടാതെ ട്രെയിലറിന്റെയോ, ഏറ്റവും അവസാനത്തെ ട്രെയിലറിന്റെയോ പുറകിൽ ഇടത് വശത്തായി നമ്പർ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

(7) രജിസ്ട്രേഷൻ മാർക്ക് രണ്ട് വരികളിലായാണ് പ്രദർശിപ്പിച്ചിരിക്കേണ്ടത്. സ്റ്റേറ്റ് കോഡ്, രജിസ്റ്ററിംഗ് അതോറിറ്റി കോഡ് എന്നിവ ആദ്യത്തെ വരിയിലും, ബാക്കി ഭാഗം രണ്ടാമത്തെ വരിയിലും എന്ന രീതിയിലാണ് പ്രദർശിപ്പിക്കേണ്ടത്. എന്നാൽ മുൻവശത്ത് രജിസ്ട്രേഷൻ മാർക്ക് ഒരു വരിയിൽ തന്നെ പ്രദർശിപ്പിക്കേണ്ടതാണ്.

(8) പുറകിൽ രണ്ട് വരികളിലായി രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യമില്ലാത്ത തരം വാഹനങ്ങളിൽ ഒരു വരിയിൽ രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിച്ചാലും മതിയാകും.

(9) കേന്ദ്ര മോട്ടോർ വാഹന ഭേദഗതി ചട്ടം 1993 നിലവിൽ വന്നതിനു ശേഷമുള്ള മോട്ടോർ കാബ്, മോട്ടോർ കാർ എന്നിവ ഒഴികെയുള്ള എല്ലാ വാഹനങ്ങളിലും, പുറക് വശത്ത് രണ്ട് വരികളിലായി രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം.

(10) ലൈറ്റ് മോട്ടോർ വാഹനങ്ങളിൽ രജിസ്ട്രേഷൻ മാർക്ക് തിളക്കമുള്ള അക്ഷരങ്ങളിൽ മദ്ധ്യത്തായി പ്രദർശിപ്പിച്ചിരിക്കണം.

(11) കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന ട്രാക്ടറുകളിൽ രജിസ്ട്രേഷൻ മാർക്ക് 30 ഡിഗ്രിയിൽ കൂടുതൽ ചരിവോടുകൂടി പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല.

(12) കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന ട്രാക്ടർ വലിച്ചുകൊണ്ടു പോകുന്ന അഗ്രികൾച്ചറൽ ട്രെയിലർ അല്ലെങ്കിൽ ട്രെയിലറുകളിൽ രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിക്കണമെന്നില്ല.

ട്രാൻസ്പോർട്ട് വാഹനങ്ങളിൽ മഞ്ഞ പശ്ചാത്തലത്തിൽ കറുത്ത നിറത്തിലും, മറ്റ് വാഹനങ്ങളിൽ വെളുത്ത പശ്ചാത്തലത്തിൽ കറുത്ത നിറത്തിലും രജിസ്ട്രേഷൻ മാർക്ക് പ്രദർശിപ്പിച്ചിരിക്കണം.

<u>വാഹനങ്ങളുടെ നമ്പർ പ്ലേറ്റിന്റെ വലിപ്പം</u>

| ക്രമ നം | വാഹനത്തിന്റെ തരം | | കുറയാത്ത വലുപ്പം (മില്ലിമീറ്റർ) | | |
|---|---|---|---|---|---|
| | | | ഉയരം | വണ്ണം | ഇടയിലുള്ള അകലം |
| 1 | എല്ലാ മോട്ടോർ സൈക്കിളുകളും, മൂന്ന് ചക്രങ്ങളുള്ള ഇൻവാലിഡ് കാര്യേജുകളും | പുറകിലെ അക്ഷരങ്ങൾ | 35 | 7 | 5 |
| 2 | എല്ലാ മോട്ടോർ സൈക്കിളുകളും, മൂന്ന് ചക്രങ്ങളുള്ള ഇൻവാലിഡ് കാര്യേജുകളും | പുറകിലെ അക്കങ്ങൾ | 40 | 7 | 5 |
| 3 | 70 സി.സി യിൽ കുറവ് എഞ്ചിൻ കപ്പാസിറ്റി ഉള്ള മോട്ടോർ സൈക്കിളുകൾ | മുൻവശത്തെ അക്കങ്ങളും, അക്ഷരങ്ങളും | 15 | 2.5 | 2.5 |
| 4 | മറ്റ് മോട്ടോർ സൈക്കിളുകൾ | മുൻവശത്തെ അക്കങ്ങളും, അക്ഷരങ്ങളും | 30 | 5 | 5 |
| 5 | 500 സിസിയിൽ കുറവ് എഞ്ചിൻ കപ്പാസിറ്റിയുള്ള മൂന്ന് ചക്ര വാഹനങ്ങൾ | മുൻവശത്തെയും , പിൻവശത്തെയും അക്കങ്ങളും, അക്ഷരങ്ങളും | 35 | 7 | 5 |
| 6 | 500 സിസിയിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റി ഉള്ള മൂന്ന് ചക്ര വാഹനങ്ങൾ | മുൻവശത്തെയും , പിൻവശത്തെയും അക്കങ്ങളും, അക്ഷരങ്ങളും | 40 | 7 | 5 |
| 7 | മറ്റെല്ലാ മോട്ടോർ വാഹനങ്ങളും | മുൻവശത്തെയും , പിൻവശത്തെയും അക്കങ്ങളും, അക്ഷരങ്ങളും | 65 | 10 | 10 |

സെക്ഷൻ ഓഫീസർ.